**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **06-10-2021 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിൽ ഇ- ഓഫീസ് സംവിധാനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനംവകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ- ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | വനം വകുപ്പിലെ ഡിവിഷൻ തലം വരെയുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (ബി) | നിലവിൽ ഇ-ഓഫീസ് സംവിധാനം വനം വകുപ്പ് ആസ്ഥാനത്തും, സോഷ്യൽ ഫോറസ്ട്രി (സെൻട്രൽ റീജിയൺ), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിൾതല ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 10 സർക്കിൾ/റീജിയൺ തല ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനവുമായി ബന്ധപ്പെട്ടുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുള്ളതും, 2021 ഒക്ടോബർ മാസം മുതൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതു-മാണ്. ഡിവിഷൻ തലത്തിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ (KSWAN Connectivity, കമ്പ്യൂട്ടറുകൾ ലഭ്യമാക്കൽ) നടന്നു കൊണ്ടിരിക്കുകയാണ്. അവ പൂർത്തിയാക്കി 2022 ഓഗസ്റ്റ് 15-ന് ഡിവിഷൻ തലത്തിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ